## രണ്ടാമദ്ധ്യായം

# ആദ്യകാല പ്രവർത്തനം

### 1. മദ്യവും ഇന്ത്യയും

മറ്റു രാജ്യങ്ങളിലെപ്പോലെ ഇന്ത്യയിലും അനാദികാലം മുതൽക്കു തന്നെ മദ്യപാനം ഉണ്ടായിരുന്നു. എന്നാൽ പാശ്ചാത്യ രാജ്യങ്ങളിലെപ്പോലെ അതു വ്യാപകമോ സാമൂഹ്യമായ അംഗീകാരം ലഭിച്ചതോ ആയിരുന്നില്ല. ബുദ്ധൻ, മനു തുടങ്ങിയ ആചാര്യന്മാരുടെയും അവരുടെ ഉപദേശങ്ങൾ സ്വീകരിച്ച ഭരണാധിപന്മാരുടെയും അനുശാസനങ്ങൾ മൂലം അതു കർശനമായി നിയന്ത്രിക്കപ്പെട്ടിരുന്നു. കൗടില്യന്റെ 'അർത്ഥശാസ്ത്രം' (ക്രി. മു. 4–ാം ശതകം) എന്ന ഗ്രന്ഥവും ഫാഹിയൻ (ക്രി. മു. 4–ാം ശതകം) അൽബറൂണി (ക്രി. പി. 10–ാം ശതകം), ഇബൻബത്തൂത്താ (ക്രി.പി. 14–ാം ശതകം) ഫ്രാൻസ്വാബേർണിയർ (ക്രി.പി. 17–ാം ശതകം) തുടങ്ങിയ സഞ്ചാരികളുടെ ഓർമ്മക്കുറിപ്പുകളും ഇതിനു സാക്ഷ്യം വഹിക്കുന്നു. ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാ കമ്പനിയാണ് ഈ സ്ഥിതിക്കു മാറ്റം വരുത്തിയത്. 1757–ലെ പ്ലാസി യുദ്ധത്തോടുകൂടിയാണല്ലോ ഇൻഡ്യയിൽ കമ്പനിഭരണവും അതിലൂടെ ബ്രിട്ടീഷ് ഭരണവും സ്ഥാപിതമായത്. ഏറെ താമസിയാതെ 1790–ൽ ആദ്യമായി ഇൻഡ്യയിൽ അവർ കച്ചവടക്കണ്ണോടെ ഒരു അബ്കാരി നിയമം നടപ്പിലാക്കി. മദ്യനിർമ്മാണവും വിൽപനയും ലേലം ചെയ്യുന്ന ഈ സമ്പ്രദായം കമ്പനിയുടെ നികുതി വരുമാനം വർദ്ധിപ്പിച്ചു; മാത്രമല്ല സർക്കാരിന്റെ അംഗീകാരവും സായിപ്പിന്റെ മാതൃകയും കൂടിച്ചേർന്ന് മദ്യത്തിനു സാമൂഹ്യമാന്യതയും സമ്പാദിച്ചു കൊടുത്തു.

ഇൻഡ്യയിലെ നവോത്ഥാന നായകന്മാർ സ്വാഭാവികമായും ഈ

അപകടകരമായ പോക്കിനെ എതിർത്തു. ഇങ്ങനെ മദ്യത്തിനെതിരെ ആദ്യമായി ശബ്ദം ഉയർത്തിയവരിൽ ഒരാളായിരുന്നു മഹാരാഷ്ട്ര നേതാവ് ഗോപാൽ റാവു ദേശ്മുഖ്; 1849-ൽ തന്നെ അദ്ദേഹം മദ്യപാനത്തിനെതിരെ പ്രതികരിക്കുകയുണ്ടായി. 1857-ൽ ബ്രിട്ടീഷ് സർക്കാർ ഇൻഡ്യയുടെ ഭരണം ഏറ്റെടുത്തപ്പോഴും കമ്പനി നയം തുടർന്നു. ബ്രഹ്മസമാജ നേതാവ് കേശബ് ചന്ദ്ര സെൻ (1838 – 1884) 1874-ൽ മദ്യനിയന്ത്രണത്തിന്റെ ആവശ്യം ഉന്നയിച്ചു കൊണ്ട് വൈസ്രോയിക്ക് ഒരു നിവേദനം നൽകുകയുണ്ടായി. ഷേയ്ക്ക്സ്പിയറോടും മിൽട്ടനോടുമൊപ്പം ബ്രിട്ടീഷുകാർ ബ്രാൻഡിക്കുപ്പികളും ഇൻഡ്യയിലേക്കു കൊണ്ടു വന്നതായി അദ്ദേഹം ആവലാതിപ്പെട്ടു. മദ്യവ്യാപനത്തെക്കുറിച്ച് അന്വേഷിക്കാൻ ബംഗാളിൽ ഒരു കമ്മീഷനെ 1884-ൽ നിയമിച്ചെങ്കിലും അതുകൊണ്ടൊന്നും വലിയ ഫലം ഉണ്ടായില്ല.

1885-ൽ സ്ഥാപിതമായ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് നവോത്ഥാനത്തിന്റെ പൈതൃകം ഉൾക്കൊണ്ടിരുന്നു. ദാദാഭായ് നവറോജി, (1825–1917) ജി.പി. പിള്ള (1864–1903), ഗോപാലകൃഷ്ണ ഗോഖലേ (1866–1915), ബാലഗംഗാധര തിലകൻ (1856–1920) തുടങ്ങിയ ആദ്യകാല നേതാക്കളെല്ലാം സർക്കാരിന്റെ മദ്യനയത്തെ അപലപിച്ചു. കോൺഗ്രസ്സിന്റെ 4-ാം സമ്മേളനത്തിൽ (അലഹബാദ് 1888) അമിതമായ മദ്യപാനം വളർത്തുന്ന മദ്യനയത്തെ എതിർത്തു. 1889-ൽ ബിട്ടീഷ് പാർലമെന്റ് ഇതേ തരത്തിലൊരു പ്രമേയം അംഗീകരിച്ചു. ഇതിന്റെ ഫലമായി ബ്രിട്ടീഷിന്ത്യയിൽ മദ്യനിയന്ത്രണം വന്നു. മദ്രാസ് ഗവൺമെന്റ് തന്നെ 1889-90-ൽ 7000 മദ്യശാലകൾ പൂട്ടി. പക്ഷേ പത്തു വർഷത്തിനുള്ളിൽ സ്ഥിതിഗതികൾ വീണ്ടും വഷളായി. കോൺഗ്രസ്സിന്റെ 14-ാം സമ്മേളനം (ലാഹോർ 1906) ഇതിനെതിരായി ശക്തമായി പ്രതികരിച്ചു. സർക്കാർ നിയമിച്ച എക്സൈസ് കമ്മിറ്റിയുടെ റിപ്പോർട്ട് 1905ൽ തയാറായതോടെ 'ഏറ്റവും കുറഞ്ഞ മദ്യപാനത്തിൽ നിന്ന് ഏറ്റവും കൂടുതൽ സർക്കാർ വരുമാനം എന്ന തത്വം ആവിഷ്കൃതമായി. പ്രായോഗിക തലത്തിൽ ഇതു മദ്യപാനത്തെ പരമാവധി പ്രോത്സാഹിപ്പിക്കാനേ സഹായിച്ചുള്ളൂ. ബ്രിട്ടീഷുകാർ ഇൻഡ്യ വിട്ടാലും മദ്യസംസ്കാരം ഇവിടെ നിലനിൽക്കും എന്നു ലോകമാന്യ തിലകൻ താക്കീതു നൽകി. മദ്യനിരോധനത്തിനു വേണ്ടി താൻ ദൃഢമായി നിലകൊള്ളുന്നുവെന്നു ഗോഖലേ പ്രഖ്യാപിച്ചു. ഇംഗ്ലണ്ട്

സന്ദർശിച്ചപ്പോൾ അവിടെയും അദ്ദേഹം ഈ അഭിപ്രായം അസന്ദിഗ്ധമായി പ്രഖ്യാപിച്ചു.

മദ്യത്തിനെതിരായി ഇൻഡ്യയിൽ രൂപീകൃതമായ ആദ്യത്തെ സന്നദ്ധ സംഘടന (പൂനാ 1849) 'മദ്യപാൻ വിനാശക' ആണ്. 1907–ൽ പൂനയിൽ തന്നെ 'മദ്യപാന നിഷേധ സഭ' ഉണ്ടായി. കള്ളുഷാപ്പുകൾ പിക്കറ്റു ചെയ്യുന്ന സമ്പ്രദായം ആരംഭിച്ചത് 1907 – 1908 കാലത്താണ്. പക്ഷേ ഇതു ചെറിയ തോതിൽ ആയിരുന്നു. മദ്രാസിൽ ശക്തമായ ഒരു മദ്യവർജ്ജന പ്രസ്ഥാനവും ഉടലെടുത്തിരുന്നു. പ്രശസ്ത കേരളീയ നേതാവ് ബാരിസ്റ്റർ ജി.പി. പിള്ള ഇതിൽ സജീവമായി പ്രവർത്തിച്ചിരുന്നു. ഇതിൽ ഒരു സമ്പൂർണ്ണ മദ്യവർജ്ജന സംഘടനയുടെ പ്രസിഡന്റ് ആയിരുന്നു അദ്ദേഹം.

## 2. മദ്യവും കേരളവും

ടിപ്പുവിന്റെ പതനത്തോടെ 1790–ൽ ആണ് മലബാർ കമ്പനി ഭരണത്തിൽ വന്നത്. ആ വർഷം കമ്പനി സർക്കാർ ആരംഭിച്ച അബ്കാരി നയം മലബാറിനും ബാധകമായി. തിരുവിതാംകൂറും കൊച്ചിയും കമ്പനിയുടെ മേൽക്കോയ്മ സ്വീകരിച്ചിരുന്നു. ഈ നാട്ടുരാജ്യങ്ങളിലും ക്രമേണ സമാന നിയമങ്ങൾ ഉണ്ടാക്കി. കൊല്ലവർഷം 1010–ൽ (ക്രി.വ. 1835) ആണ് തിരുവിതാംകൂറിൽ കള്ളും ചാരായവും വിൽക്കാനുള്ള അവകാശം (കുലാൽ കുത്തക) ലേലം ചെയ്യാൻ തുടങ്ങിയത്. ഇതോടെ മദ്യപാനം വ്യാപകമാകാൻ തുടങ്ങി.

കേരളത്തിലെ മദ്യവിരുദ്ധ പ്രസ്ഥാനം പ്രധാനമായും മൂന്നു ധാരകളുടെ സമന്വയമാണ് – ശ്രീനാരായണ ഗുരുവിന്റെ സന്ദേശം, ക്രിസ്തീയ നവീകരണ ചൈതന്യം, ഗാന്ധിജി ആവിഷ്ക്കരിച്ച നിർമ്മാണ പ്രവർത്തനം. ഈ മൂന്നു ധാരകളുടെയും ഉത്ഭവം 1920–ൽ ആയിരുന്നു.

## 3. ശ്രീനാരായണ ഗുരു

"മദ്യം വിഷമാണ്, അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത്" എന്ന സന്ദേശം ശ്രീനാരായണ ഗുരു (20–8–1856 – 20–9–1928)

പുറപ്പെടുവിച്ചത് 1920–ൽ ആയിരുന്നു – കൃത്യമായി പറഞ്ഞാൽ കൊല്ല വർഷം 1096–ലെ ഓണക്കാലത്തു തന്റെ ജന്മദിനത്തിൽ. ആലുവാ അദ്വൈ താശ്രമത്തിൽ നിന്ന് ഓണക്കാലത്തെ ചതയദിനത്തിൽ ഗുരു ഈ അനു ശാസനം നൽകിയ ഉടൻ തന്നെ അദ്ദേഹത്തിന്റെ ശിഷ്യരിൽ പ്രമുഖനാ യിരുന്ന ടി.കെ. മാധവൻ (1885–1930) അതു നടപ്പിലാക്കുന്ന ചുമതല ഏറ്റെ ടുത്തു. മദ്യം എന്നാൽ അന്ന് കള്ള് എന്നായിരുന്നു പൊതുവേയുള്ള അർത്ഥം. ചെത്തുന്നതും കള്ളു വിൽക്കുന്നതും ഈഴവ സമുദായത്തിൽ പെട്ടവരായിരുന്നു. "ഈ സന്ദേശം നൽകുമ്പോൾ ഗുരുദേവൻ വ്യക്തിഗ തമായ ആരോഗ്യവും ശുചിത്വവും മാത്രമല്ല സാമുദായികമായ സംസ്ക രണവും മനസ്സിൽ കണ്ടിരുന്നു എന്നു വ്യക്തമാണ്'' എന്നു സി.ആർ.കേശവൻ വൈദ്യർ അഭിപ്രായപ്പെട്ടിട്ടുണ്ട്. വളരെ ശക്തമായ ഭാ ഷയിലാണ് ഗുരു ചെത്തുകാരനെ അപലപിച്ചത്: "ചെത്തുകാരന്റെ ദേ ഹം നാറും, തുണി നാറും, വീടു നാറും, അവൻ തൊട്ടതെല്ലാം നാറും". ഉപജീവന മാർഗ്ഗം നഷ്ടപ്പെടുന്നതിനെപ്പറ്റി ചിലർ പരാതി പറഞ്ഞപ്പോൾ ഗുരു നൽകിയ മറുപടിയും കർക്കശമായിരുന്നു – "ചെത്തു കത്തി നാ ലാക്കിയാൽ ഓരോ കഷണം കൊണ്ടു മുടി വടിക്കാനുള്ള ഓരോ കത്തി ഉണ്ടാക്കാം. അതു കൊണ്ടു നടക്കുന്നതായിരിക്കും ചെത്തിനേക്കാൾ ഭേദം".

ഗുരുവിന്റെ സന്ദേശം പ്രഖ്യാപിക്കപ്പെട്ട ഉടൻ കർമ്മകുശലനായ ടി.കെ. മാധവൻ ആലപ്പുഴയിൽ ഒരു മദ്യവർജ്ജന സമ്മേളനം സംഘടി പ്പിച്ചു. തുടർന്ന് തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും സമ്മേളനങ്ങൾ നടത്തി. മദ്യവ്യവസായവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിൽ നിന്നും ജനങ്ങളെ പിൻതിരിപ്പിക്കുകയായിരുന്നു പരിപാടി. ഈ പരിപാ ടിയുടെ വമ്പിച്ച വിജയം മൂലം സർക്കാർ വരുമാനത്തിൽ നല്ല കുറവു ണ്ടായി. സാമദാന ഭേദങ്ങൾ പരാജയപ്പെട്ടപ്പോൾ സർക്കാർ ദണ്ഡം ഉപ യോഗിക്കുവാൻ തുടങ്ങി. ഇതിന് ഇരയായവരിൽ പ്രമുഖൻ ഹരിപ്പാടു മുൻസിഫ് കോടതി വക്കീലും പഞ്ചായത്തു ജഡ്ജിയും കാർത്തികപ്പള്ളി താലൂക്കു മദ്യവർജ്ജന സമിതി സെക്രട്ടറിയും ആയ എം. മാധവൻ ആണ്. ഇദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ഒരു രാത്രി മുഴുവൻ ലോക്കപ്പിൽ പാർപ്പിച്ച ശേഷം പിറ്റേ ദിവസം യാതൊരു ഭക്ഷണവും നൽകാതെ ഹരിപ്പാട്ടു നിന്നും അമ്പലപ്പുഴക്ക് 15 മൈൽ ദൂരം കൈ വിലങ്ങു വെച്ചു പൊരിയുന്ന വെയി ലിൽ കൂടി നടത്തിച്ചു കൊണ്ടു പോവുകയാണുണ്ടായത്. ക്രി. വ. 1922–ൽ

(1098 തുലാം 24-ാം തിയതി) ആണ് അറസ്റ്റ് നടന്നത്. എന്നാൽ മർദ്ദന മുറകൾ ടി.കെ. മാധവന്റെ മനോവീര്യം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഒരു ക്ലിപ്ത കാലം കൊണ്ടു സമ്പൂർണ്ണമായ മദ്യവർജ്ജനം സാധിച്ചു കൊള്ളാമെന്നു സർക്കാർ ഉറപ്പു നൽകിയതോടെ പ്രക്ഷോഭണത്തിന്റെ ഒന്നാം ഘട്ടം അവസാനിച്ചു. എസ്. എൻ.ഡി. പി. യോഗത്തിന്റെ പിന്തുണയോടെ ആരംഭിച്ച പ്രസ്ഥാനം ടി.കെ. യുടെ അകാല ചരമത്തിനുശേഷം മുന്നോട്ടു പോയില്ല. പിന്നീടൊരിക്കലും യോഗം ശ്രീനാരായണ ധർമ്മത്തിന്റെ ഒരു മർമ്മഭാഗമായ മദ്യനിർമ്മാർജ്ജനിനു പ്രധാന്യം കൊടുക്കുകയും ഉണ്ടായിട്ടില്ല.

## 4. ക്രിസ്തീയ ദൗത്യം

"ഇംഗ്ലീഷുകാർ നമ്മുടെ പുണ്യഭൂമിയിലേക്ക് ഒരു പുതിയ സംസ്കാരവുമായി കടന്നു വന്നു - ഒരു കൈയിൽ ബൈബിളും മറു കൈയിൽ മദ്യക്കുപ്പിയുമായി" എന്നു ദേശീയ നേതാവായ ബിപിൻചന്ദ്ര പാൽ (1858-1930) ഒരിക്കൽ പ്രഖ്യാപിക്കുകയുണ്ടായി. ഇതു ശരിയല്ല. പാശ്ചാത്യരാണ് ഇവിടെ മദ്യസംസ്കാരം വ്യാപകമാക്കിയത്. പക്ഷേ അതിൽ ക്രിസ്തുമതത്തിനു പങ്കില്ല. ക്രിസ്തുവിന്റെ സുവിശേഷത്തിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടു മദ്യവിരുദ്ധ പ്രസ്ഥാനം തന്നെ ഇവിടെ ഉണ്ടായി. അത് ആരംഭിച്ചത് മാർത്തോമ്മാ സഭ ആണെന്നു തോന്നുന്നു. 1836-ൽ നവീകരണ പ്രസ്ഥാനമായി ഉടലെടുത്ത സഭ 1896-ൽ ആരംഭിച്ച മാരാമൺ കൺവെൻഷൻ (സുവിശേഷ സമ്മേളനം) പരിപാടികളാണ് ഇതിനു പ്രേരണ നൽകിയത്. തിരുവല്ലാക്കു കിഴക്കു കോഴഞ്ചേരിക്കടുത്ത് മാരാമൺ എന്ന സ്ഥലത്ത് പമ്പാനദിയുടെ മണപ്പുറത്ത് വർഷം തോറും നടത്തുന്നതും പല ദിവസം നീണ്ടുനിൽക്കുന്നതുമായ ഈ സുവിശേഷ സമ്മേളനത്തിൽ 1920-ൽ ആണ് ലഹരി വിരുദ്ധ പ്രസ്ഥാനത്തിന്റെ തുടക്കം. 'മുറുക്കാൻ പൊതി വിപ്ലവം' എന്നാണ് ഇതിന്റെ പേര്. അന്നു മിക്ക സ്ത്രീ പുരുഷന്മാരും പുകയില ചേർത്തു വെറ്റില മുറുക്കിയിരുന്നു. 1920-ൽ അന്നത്തെ മുഖ്യപ്രാസംഗികനായ ഷേർവുഡ് എഡി സായിപ്പ് ഇങ്ങനെ പ്രഖ്യാപിച്ചു. "ഇന്നു മുറുക്കാൻ പൊതിയുമായി വന്നിട്ടുള്ളവരെല്ലാം അതെടുക്കുക. അതു മണലിൽ കുഴിച്ചു മുടുക" ബഹുഭൂരിപക്ഷം പേരും അങ്ങനെ ചെയ്തു. പുകയില ഉപയോഗിക്കരുത് എന്ന് ഉപദേശിച്ചു കൊണ്ട്

അദ്ദേഹം അതിന്റെ ദോഷവശങ്ങൾ വിശദീകരിച്ചു. ഏറെ താമസിയാതെ മദ്യവർജ്ജനവും സുവിശേഷ സംഘത്തിന്റെ നവജീവപ്രസ്ഥാനത്തിൽ സ്ഥലം പിടിച്ചു.

ക്രമേണ മറ്റു സഭകളും മദ്യവിരുദ്ധ പ്രസ്ഥാനത്തിലേക്കു തിരിഞ്ഞു. 1925–29 കാലത്തു പാലാ ആസ്ഥാനമാക്കി മീനച്ചിൽ കാത്തലിക് സ്റ്റുഡന്റ്സ് യൂണിയൻ ആരംഭിച്ച മദ്യവർജ്ജന പ്രസ്ഥാനം പൊതുയോഗങ്ങൾ വഴിയും ലഘുലേഖകൾ വഴിയും ചെയ്ത സേവനത്തെപ്പറ്റി 'അവന്റെ വഴികൾ എത്ര സുന്ദരം' എന്ന ആത്മകഥയിൽ തന്റെ ചെറുപ്പക്കാലത്തെ പ്രവർത്തനങ്ങളെപറ്റി പറയുമ്പോൾ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പരാമർശിക്കുന്നുണ്ട്. പാലാ രൂപതയിൽ കടനാട് ഇടവകയിലെ 100 കുടുംബനാഥന്മാർ ചേർന്നു 1.8.1926–ൽ എടുത്ത മദ്യവിരുദ്ധ നിശ്ചയങ്ങൾ ഈയിടെ പ്രസിദ്ധീകരിക്കുകയുണ്ടായി. തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ നടത്തി വന്ന മദ്യവിരുദ്ധ പ്രവർത്തനത്തെപ്പറ്റി ഗാന്ധിജി 8–11–1926–ലെ 'യങ് ഇൻഡ്യ'യിൽ പരാമർശിക്കുന്നു. അഹിംസാത്മകമായ മദ്യവിരുദ്ധ പ്രചരണത്തിൽ ഏർപ്പെട്ടിരുന്ന ഡോ. ഇസഡ് എം പാറേട്ടിന്റെ 'വായ് മൂടിക്കെട്ടിക്കൊണ്ടു' കോട്ടയത്തെ മജിസ്ട്രേറ്റ് നൽകിയ ഉത്തരവിനെ ഇവിടെ അദ്ദേഹം വിമർശിച്ചിരിക്കുന്നു. എന്നാൽ ക്രിസ്തീയ നേതൃത്വത്തിലുള്ള മദ്യവർജ്ജന പ്രസ്ഥാനം ശക്തമായി ആവിർഭവിക്കുന്നതു സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷമാണ്.

## 5. ഗാന്ധിജിയുടെ ആഹ്വാനം

ഒരു ദേശീയ പ്രസ്ഥാനമായി മദ്യവിരുദ്ധ പ്രക്ഷോഭം ആരംഭിച്ചത് ഗാന്ധിജി ആണ്. അദ്ദേഹം മദ്യത്തിനെതിരെ എത്ര രൂക്ഷമായിട്ടാണ് പ്രതികരിച്ചത്.! "മദ്യപാനം മോഷണത്തെക്കാളും വ്യഭിചാരത്തെക്കാളും വെറുക്കപ്പെടേണ്ടതാണ്" എന്നദ്ദേഹം കരുതി. "മനുഷ്യവർഗ്ഗത്തിന്റെ മേൽ നിപതിച്ചിരിക്കുന്ന ഏറ്റവും വലിയ ശാപമാണ് മദ്യം" എന്നദ്ദേഹം പ്രഖ്യാപിച്ചു. "മദ്യത്തിലേക്കുള്ള പ്രയാണം അഗ്നികുണ്ഡത്തിലേക്കോ അലറുന്ന സമുദ്രത്തിലേക്കോ ഉള്ള ചാട്ടത്തെക്കാൾ ആപൽക്കരമാണ്" എന്നദ്ദേഹം താക്കീതു ചെയ്തു. "മദ്യത്തിൽ നിന്നുള്ള നികുതി പാപത്തിന്റെ കൂലിയാണെന്ന്" അദ്ദേഹം സർക്കാരിനെ ഓർമ്മിപ്പിച്ചു. മദ്യത്തിൽ

നിന്നു മനുഷ്യനെ രക്ഷിക്കാൻ വർജ്ജനം പോരാ, നിരോധനം തന്നെ വേണം എന്ന് അദ്ദേഹം ദൃഢമായി അഭിപ്രായപ്പെട്ടു – "മദ്യപാനമെന്ന കൊടിയ തിന്മയെ നേരിടാൻ മൃദുലവും നുകരവും ആയ നയമൊന്നും പോരാ. പൂർണ്ണമായ മദ്യനിരോധനത്തിൽ കുറഞ്ഞ യാതൊന്നിനും ജന ങ്ങളെ ഈ ശാപത്തിൽ നിന്നും രക്ഷിക്കുവാനാവില്ല" എന്താണു കാര ണം? "തന്നെ പ്രലോഭിപ്പിക്കാൻ സ്വന്തം പുരക്കടുത്തു മദ്യഷാപ്പ് ഉള്ളിട ത്തോളം കാലം കുടിയനെ സമീപിക്കുവാൻ നമുക്കു കഴിയുകയില്ല" എ ന്ന് അദ്ദേഹം വിശദീകരിച്ചു. "ഞാൻ ഒരു മണിക്കൂർ നേരത്തേക്ക് ഇൻഡ്യ യുടെ സർവാധിപതിയാകുന്നുവെങ്കിൽ ഇൻഡ്യയിലുള്ള എല്ലാ മദ്യഷാ പ്പുകളും പ്രതിഫലം നൽകാതെ അടച്ചുപൂട്ടും" എന്നുവരെ അദ്ദേഹം കടുപ്പിച്ചു പറയുകയുണ്ടായി.

അദ്ദേഹം തന്റെ നിർമ്മാണ പരിപാടിയിൽ (1915–45) മദ്യനിരോ ധനം ഒരു പ്രധാന ഇനമായി ഉൾപ്പെടുത്തി. 1920 മുതൽ കോൺഗ്രസ്സിന്റെ പരിപാടിയിൽ ഇതു ചേർക്കുകയും ചെയ്തു. നിസ്സഹകരണ പ്രസ്ഥാന (1920–22)ത്തിന്റെ കാലത്തു തന്നെ വിദേശ വസ്ത്ര ബഹിഷ്ക്കരണത്തോ ടൊപ്പം ഷാപ്പ് പിക്കറ്റിംഗ് ആരംഭിച്ചിരുന്നു. പൊന്നറ ശ്രീധർ (1898 – 1961) 1921–ൽ മധുരയിൽ പോയി ഷാപ്പ് പിക്കറ്റിങ്ങിൽ പങ്കെടുക്കുയുണ്ടായി. കോൺഗ്രസ്സ് ഈ പരിപാടി ശക്തമായി നടപ്പാക്കാൻ തുടങ്ങിയത് നിയമ ലംഘന പ്രസ്ഥാനം അഥവാ ഉപ്പുസത്യാഗ്രഹം നടന്ന കാലത്താണ് (12–3–1930 – 5–3–1931). അന്നു ഷാപ്പു പിക്കറ്റിങ്ങ് കേരളത്തിലും വിപുല വും തീവ്രവും ആയ തോതിൽ നടത്തുകയുണ്ടായി. എന്നാൽ നിയമലം ഘന സമരാവസാനത്തോടെ ഇതു മന്ദഗതിയിലായി. അന്നത്തെ അനുഭ വങ്ങളെപ്പറ്റി സി. കേശവൻ 'ജീവിത സമരം' എന്ന ആത്മകഥയിൽ സവി സ്തരം പ്രതിപാദിച്ചിട്ടുണ്ട്. എം.പി. മന്മഥൻ എഴുതിയ 'കേളപ്പൻ' എന്ന ജീവചരിത്ര ഗ്രന്ഥത്തിന്റെ 30–ഉം 31–ഉം അദ്ധ്യായങ്ങളിൽ അക്കാലത്തെ സ്ഥിതി വിവരിച്ചിട്ടുണ്ട്. "മദ്യഷാപ്പുകൾ പിക്കറ്റു ചെയ്യാൻ പലയിടത്തും യുവാക്കൾ മുന്നോട്ടു വന്നു. ഷാപ്പുകളിൽ വിൽപന ഇല്ലാതായതിനെ തു ടർന്ന് ,ഷാപ്പുടമകൾ സംഘടിപ്പിച്ച ഗുണ്ടാസംഘങ്ങൾ പിക്കറ്റു ചെയ്യുന്നവ രെ ഭർത്സിക്കുകയും ക്രൂരമായി കയ്യേറ്റം ചെയ്യുകയും ചെയ്ത ദൃഷ്ടാന്ത ങ്ങൾ പലതുണ്ടായി". ആറു മാസത്തിനുള്ളിൽ 300 ഷാപ്പുകളിലാണ് പി ക്കറ്റിംഗ് നടന്നത്. ചില ഷാപ്പുകളിൽ വ്യാപാരം പാടേ നിലച്ചു. ചിലതിൽ

ചുരുങ്ങി. അഹിംസാപ്രമാണക്കാരായ എത്ര സന്നദ്ധഭടന്മാരാണ് അന്ന് മർദ്ദനത്തിന് വിധേയരായത്! പൂവത്തുംകടവിൽ ആകെ തകർന്നുപോയ വാരിയർ, കോഴിക്കോടു കടപ്പുറത്ത് ഉപ്പുണ്ടാക്കുകയും കല്ലായി കള്ളു ഷാപ്പ് പിക്കറ്റ് ചെയ്യുകുയും ചെയ്തതിന് ഉഗ്രമായ മർദ്ദനമേൽക്കുകയും ജയിലിൽ കിടന്ന് അന്ത്യശ്വാസം വലിക്കുകയും ചെയ്ത വളർപട്ടണത്തു കാരൻ നാരായണൻ എന്നിങ്ങനെ എത്രയെത്ര അജ്ഞാതഭടന്മാർ! ഗാന്ധിജിയുടെ നിർമ്മാണ പ്രവർത്തനം നടക്കുന്ന ആയിരക്കണക്കിനു കേന്ദ്രങ്ങളിൽ മറ്റു പരിപാടികളോടൊപ്പം മദ്യവിരുദ്ധ പ്രചരണവും തുടർന്ന് നടന്നു കൊണ്ടിരുന്നു.